"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം - ജീവനക്കാര്യം - 08.11.2023 തീയതി മുതൽ 30.04.2024 വരെ കോഴിക്കോട് സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളുടെ പൂർണ അധിക ചുമതല വഹിച്ച ടി കോളേജിലെ മെക്കാനിക്കൽ എഞ്ചിനിയറിംഗ് വിഭാഗം മേധാവി ശ്രീ.അബ്ദുൾ സലാം പി.കെ-യ്ക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.819/2025/HEDN   തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-
1. സ.ഉ (സാധാ) നം.1636/2023/ഉ.വി.വ തീയതി 03.11.2023.
2. സ.ഉ.(സാധാ) നം.1246/2024/ഉ.വി.വ തീയതി 04.10.2024.
3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 04.03.2025-ലെ EA4/46765/23/DTE നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളുടെ അഭാവത്തിൽ സ്ഥാപനത്തിലെ മെക്കാനിക്കൽ എഞ്ചിനിയറിംഗ് വിഭാഗം മേധാവിയായ ശ്രീ.അബ്ദുൾ സലാം പി.കെ-യ്ക്ക് 08.11.2023 തീയതി മുതൽ 30.04.2024 വരെയുള്ള കാലയളവിൽ പ്രിൻസിപ്പാളിന്റെ പൂർണ അധിക ചുമതല നൽകിയ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി പരാമർശം(2) ഉത്തരവ് പ്രകാരം സർക്കാർ സാധൂകരിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ അധികച്ചുമതല വഹിച്ച കാലയളവിൽ ശ്രീ.അബ്ദുൾ സലാം പി.കെ-യ്ക്ക് ചാർജ് അലവൻസ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ സമർപ്പിച്ച അപേക്ഷ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.അബ്ദുൾ സലാം പി.കെ പ്രിൻസിപ്പാളുടെ ചുമതല വഹിച്ച 08.11.2023 മുതൽ പരമാവധി മൂന്ന് മാസ കാലയളവിലേയ്ക്ക്, ടിയാന്റെ പേ മാട്രിക്സ് സർക്കാരിലെ സെക്രട്ടറിയുടെ pay matrix-ന് (₹1,44,200-₹2,18,200) തുല്യമോ, അതിലധികമോ ആകാത്ത പക്ഷം, അധിക തസ്തികയുടെ pay matrix-ന്റെ മിനിമത്തിന്റെ 6% എന്ന നിരക്കിൽ കെ.എസ്.ആർ.ഭാഗം 1, ചട്ടങ്ങൾ 53 A II (C), 53 (C) എന്നിവ പ്രകാരം ടിയാന് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PARVATHY S A

അണ്ടർ സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ.അബ്ദുൾ സലാം പി.കെ, മെക്കാനിക്കൽ വിഭാഗം മേധാവി, സർക്കാർ പോളിടെക്നിക്

കോളേജ്, കോഴിക്കോട് (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേനെ)

പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, കോഴിക്കോട് (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേനെ).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

www.highereducation.kerala.gov.in

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Geetha Lekshmi. G

Date: 30-06-2025 13:17:17

സെക്ഷൻ ഓഫീസർ